## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 412 | 06-03-2012-ൽ മറുപടിക്ക്

### മാങ്ങാട്ടുപറമ്പിലെ ടി.എം .ആർ. ഡിവിഷൻെറ പ്രവർത്തനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . ജെയിംസ് മാത്യു. | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) മാങ്ങാട്ടുപറമ്പിലെ ടി.എം.ആർ. ഡിവിഷൻെറ പ്രവർത്തനപുരോഗതി അറിയിക്കുമോ; | (എ) മാങ്ങാട്ടു പറമ്പിലെ ടി. എം.ആർ. ഡിവിഷൻെറ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൻെറ ഭാഗമായി ലേഔട്ട് പ്ളാൻ തയ്യാറാക്കി കഴിഞ്ഞു. വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. മീറ്ററുകൾ സ്വീകരിക്കുന്നതിനും അവ പരിശോധിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) ഇതിനകം എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; അംഗീകരിച്ച തസ്തികയനുസരിച്ചുള്ള ജീവനക്കാരെ എന്നത്തേക്ക് നിയമിക്കാൻ സാധിക്കും; | (ബി) നിലവിലുണ്ടായിരുന്ന കണ്ണൂർ ടി.എം. ആർ.സബ് ഡിവിഷൻെറ പദവി ഉയർത്തിയാണ് പുതിയ ടി.എം. ആർ ഡിവിഷൻ രൂപീകരിച്ചത്. അവിടെ നിലവിലുണ്ടായിരുന്ന ജീവനക്കാർ കൂടാതെ ഒരു എക്സിക്യൂട്ടിവ് എഞ്ചിനീയറെ കൂടി നിയമിച്ചിട്ടുണ്ട്. കൂടാതെ |

ചുവടെ ചേർക്കുന്ന തസ്തികകൾ പുതു-
തായി അനുവദിച്ചിട്ടുണ്ട്.

അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ 1
അസിസ്റ്റൻറ് എഞ്ചിനീയർ -2
സബ് എഞ്ചിനീയർ - 3
ഇലക്ട്രിസിറ്റി വർക്കർമാർ. -4
സീനിയർ സൂപ്രണ്ട് - 1
സീനിയർ അസിസ്റ്റൻറ് - 2
ഓഫീസ് അറ്റൻറ്റൻറ് - 1
ടൈപ്പിസ്റ്റ് - 1
പാർട്ട് ടൈം സ്വീപ്പർമാർ - 2

(സി) ഡിവിഷൻെറ പ്രവർത്തനം പൂർണ്ണതോതിൽ എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയും എന്ന് അറിയിക്കുമോ?

(സി) അടിസ്ഥാന സൗകര്യങ്ങൾക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടെ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കാനാവും.

സെക്ഷൻ ഓഫീസർ